FY 08

Reg. No. : ..................................

Name : ..................................

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2023

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം വീതം തെരഞ്ഞെടുത്തെഴുതുക. (2 സ്കോർ വീതം).** **(5×2=10)**

1. "പറയുവാനുണ്ടു പൊൻ ചെമ്പകം പൂത്ത കരളുപണ്ടേ കരിഞ്ഞുപോയെങ്കിലും" (സന്ദർശനം) ഈ വരികളിൽ തെളിയുന്ന ആശയത്തിനു യോജിച്ച രണ്ടെണ്ണം എഴുതുക.
   - പ്രതീക്ഷാനിർഭരമായ ജീവിതം
   - നഷ്ടപ്പെടലിന്റെ വേദന
   - ദാമ്പത്യം പകരുന്ന ആഹ്ലാദം
   - ഒറ്റപ്പെട്ടുപോയതിന്റെ നിസഹായത

Score

2. 'മത്സ്യ'ത്തിനു ചേരുന്ന രണ്ടു വിശേഷണങ്ങൾ എടുത്തെഴുതുക.

- സ്വാതന്ത്ര്യദാഹിയായ വ്യക്തി
- വ്യവസ്ഥകൾക്ക് കീഴടങ്ങുന്ന വിധേയൻ
- ഏകാകിയായ പോരാളി
- പൊരുതാതെ ഇരയാകുന്ന നിസഹായൻ

3. 'കായലരികത്ത്'എന്ന ചലച്ചിത്രഗാനത്തിലെ കാവ്യാത്മകമായ പ്രയോഗങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

- കരളിന്റെ ഉരുളിയിലെ എണ്ണകാച്ചൽ
- വളകിലുക്കിയ സുന്ദരി
- കുടവുമായി പുഴക്കടവിൽ വരിക
- ചേറിൽ നിന്നു വളർന്ന ഹൂറി

4. 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്ത് ദേവീബഹനുമായി ബന്ധപ്പെട്ട രണ്ടു പരാമർശങ്ങൾ എടുത്തെഴുതുക.

- ചുറ്റിലും നടക്കുന്ന പ്രശ്നങ്ങളെ അവഗണിക്കുക
- സാമൂഹിക മാറ്റത്തിനായി നിസ്വാർത്ഥ സേവനം ചെയ്യുക
- വ്യക്തിജീവിതത്തിൽ ഒതുങ്ങിക്കൂടുക
- ഗ്രാമീണവനിതകളുടെ പുനരുദ്ധാരണത്തിനായി പ്രവർത്തിക്കുക

Score

5. ''പുറപ്പെട്ടേടത്താ –
ണൊരായിരം കാതമവൾ നടന്നിട്ടും'' (സംക്രമണം) ഈ വരികളുമായി ബന്ധപ്പെടു ത്താവുന്ന രണ്ട് ആശയങ്ങൾ ഏവ ?

- സ്ത്രീയുടെ ജീവിതയാത്രകളുടെ ചരിത്രം
- സമൂഹത്തിന്റെ ഗതിക്കൊത്ത് മുന്നേറൽ
- കാലമേറെ കഴിഞ്ഞിട്ടും പുരോഗമിക്കാത്ത സ്ത്രീജീവിതം
- ആയിരം കാതം നടന്നാൽ ലക്ഷ്യത്തിലെത്തിച്ചേരാം

6. ''അരുളാൽ വരുമിമ്പമൻപക –
ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും'' (അനുകമ്പ) ഈ വരികൾ നല്കുന്ന രണ്ട് അർത്ഥസൂചനകൾ എഴുതുക.

- കാരുണ്യം ഇരുട്ട് പടർത്തുന്നു
- അനുകമ്പ ആനന്ദത്തിന് കാരണമാവുന്നു
- അരുൾ അജ്ഞത നല്കുന്നു
- അനുകമ്പാരാഹിത്യം ദുഃഖത്തിനു ഹേതുവാകുന്നു

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം).** **(3×2=6)**

7. 'ജോനാഥൻ' മറ്റ് കടൽക്കാക്കകളിൽ നിന്ന് വ്യത്യസ്തനാണെന്നതിന് രണ്ടു തെളിവുകൾ എഴുതുക.

8. ''ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ –
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം.'' ഈ വരികളിലെ ആശയമെന്താണ് ?

Score

9. 'അനർഘനിമിഷം' എന്ന പാഠഭാഗത്തിന്റെ രചനാപരമായ സവിശേഷതകൾ രണ്ടെണ്ണം എഴുതുക.

10. ഗഹനമായ ആശയങ്ങൾ ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുന്ന കൃതിയാണ് 'മുഹ്‌യിദ്ദീൻമാല'. രണ്ട് ഉദാഹരണങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം).**

**(6×4=24)**

11. ''ഓരോവേരും പിഴുതെറിയുമ്പോൾ നാം നമ്മുടെ വേരുകളാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്ന''തെന്ന ലേഖകന്റെ അഭിപ്രായത്തോടു പ്രതികരിക്കുക.

12. മത്സ്യത്തിന്റെ നിലനില്പിനുവേണ്ടിയുള്ള പോരാട്ടത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നവരുടെ പക്ഷത്താണോ കടൽ ? വ്യക്തമാക്കുക.

13. സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ യഥാതഥമായി അവതരിപ്പിക്കുമ്പോഴാണ് സിനിമ ജനപ്രിയമാകുന്നതെന്ന നിരീക്ഷണം ശരിയാണോ ? നിങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

14. 'കവി പ്രയോഗിക്കുന്ന പ്രതീകങ്ങളിൽ അവ്യവസ്ഥിതത്വം ഉണ്ട്' (കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ) പാഠഭാഗത്തെ ഒരു ഉദാഹരണം ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.

15. ആൾക്കൂട്ടം ദേശസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുമ്പോൾ തങ്കം നായര് അവരോടൊപ്പം ചേരാത്തത് എന്തുകൊണ്ടാവാം ?

Score

16. പീലിക്കണ്ണുകൾ എന്ന പാഠഭാഗത്ത് അമ്മ കൃഷ്ണനു നല്കുന്ന ശിക്ഷയേയും സമ്മാനങ്ങളേയും കുറിച്ചുള്ള ഓർമ്മകൾ എഴുതുക.

17. ഗർഭപാത്രം നീക്കം ചെയ്യുന്ന ഓപ്പറേഷനാണെന്നു പറഞ്ഞതോടുകൂടി അമ്മയുടെ പ്രവൃത്തികളിൽ (ശസ്ത്രക്രിയ) വരുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം).** **(3×6=18)**

18. സ്വാതന്ത്ര്യബോധത്തിൽ നിന്ന് ദുർമ്മരണത്തിലേക്കുള്ള (ഓർമ്മയുടെ ഞരമ്പ്) വീഴ്ച യാണോ വൃദ്ധയുടെ എഴുത്തും ജീവിതവും ? പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

19. 'കൈപ്പാട്", 'കേൾക്കുന്നുണ്ടോ' എന്നീ ഹ്രസ്വചിത്രങ്ങൾ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ സമാനത പുലർത്തുന്നവയാണോ ? താരതമ്യം ചെയ്ത് നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

20. കേരളീയ സംസ്കാരവുമായി ബന്ധപ്പെട്ട സൂചനകൾ 'ഊഞ്ഞാലിൽ' എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ ? പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

21. സ്ത്രീജീവിതത്തെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളിൽ നിന്നും പുതിയ ബോധങ്ങളിലേക്ക് സംക്രമിപ്പിക്കുന്നതിന്റെ ആവിഷ്കാരമാണോ സംക്രമണം കവിത ? ഉപന്യാസം തയ്യാറാക്കുക.

Score

**ചുവടെ തന്നിട്ടുള്ള കാവ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം).** (3×2=6)

മനുഷ്യരിൽ മാത്രമല്ല
കവിതയുള്ളത്, വസ്തുക്കളിലുമുണ്ട്.
ഈ കസേരയിൽ,
അത് വൃക്ഷമായി നിന്ന്
വഴിപോക്കരെ മഴയിൽ നിന്ന്
കാത്തതിന്റെ ഓർമ്മകളുണ്ട്.
ഈ മേശമേൽ ഇതു പണിത
മനുഷ്യന്റെ അളവുകളും വിരൽപ്പാടുകളുമുണ്ട്.
ഈ പുസ്തകത്തിൽ,
മനുഷ്യർ സ്നേഹിക്കുകയും കലഹിക്കുകയും
സന്തോഷിക്കുകയും സങ്കടപ്പെടുകയും
ചെയ്യുന്നുണ്ട്.
ഒന്നാലോചിച്ചാൽ, കവിത എല്ലാറ്റിലുമുണ്ട്,
കവിതയിൽ ഒഴിച്ച്.
അതിൽ മനുഷ്യരുടെ ആത്മപ്രണയവും
അനശ്വരതയ്ക്കായുള്ള വ്യാമോഹവും മാത്രമേയുള്ളു.
മറഞ്ഞുപോയ ഏതോ ഭാഷയ്ക്ക് വേണ്ടിയുള്ള
വെറും വിലാപമാണ് കവിത.
അഥവാ, നിലവിൽ വരാനിടയില്ലാത്ത
ഏതോ ലോകത്തിനു വേണ്ടിയുള്ള
വ്യർഥമായ നിലവിളി. (മനുഷ്യരിൽ മാത്രമല്ല)

**22.** മനുഷ്യരിൽ മാത്രമല്ല കവിതയുള്ളത് എന്നു പറയാനുള്ള കാരണമെന്ത് ?

**23.** കവിതയൊഴിച്ച് മറ്റെന്തൊക്കെയാണ് കവിതയിലുള്ളത് ?

**24.** കവിത എന്തിനുവേണ്ടിയുള്ള വിലാപവും നിലവിളിയുമാണെന്നാണ് കവി പറയുന്നത് ?

Score

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം).** **(2×8=16)**

25. വിഹ്വലതകളുടെ ഇരുട്ടിലും ഓർമ്മയിലുദിക്കുന്ന പ്രണയിനിയുടെ മുഖം ജനനാന്തര സാന്ത്വനമെന്ന് (സന്ദർശനം) കവി പറയുന്നതിനോട് പ്രതികരിച്ചുകൊണ്ട് വർത്തമാനകാല സാഹചര്യങ്ങളിൽ കവിതയുടെ ആശയം പ്രസക്തമാണോയെന്ന് പരിശോധിക്കുക.

26. സൈക്കിൾ തേടി തെരുവിലൂടെ അലയുമ്പോൾ റിച്ചിയും ബ്രൂണോയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വിവരിക്കുക.

27. ജന്മവാസനകൾ മനുഷ്യസ്വഭാവത്തെ എങ്ങനെയെല്ലാം നയിക്കുന്നുവെന്നതിന്റെ തെളിവാണ് 'വാസനാവികൃതി'യിലെ ഇക്കണ്ടക്കുറുപ്പിന്റെ ജീവിതം. കഥാസന്ദർഭങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.